# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2024 മെയ് 3**

---

## ഉബുണ്ടു ഓപ്പറേറ്റിംഗ് സിസ്റ്റം റിലീസ് പാർട്ടി നടത്തി

ലിനക്സ് അധിഷ്ഠിത സ്വതന്ത്ര ഓപ്പറേറ്റിംഗ് സിസ്റ്റമായ ഉബുണ്ടു 24.04 പുറത്തിറക്കിയതിൻറെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാല ലൈബ്രറിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച റിലീസ് പാർട്ടി രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ ഉദ്ഘാടനം ചെയ്തു.

സർവ്വകലാശാലാ സമൂഹത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ അവബോധം വളർത്തുന്നതിന് ലക്ഷ്യമിട്ടു സംഘടിപ്പിച്ച പരിപാടിയിൽ ഐ.ഐ.ആർ.ബി.എസ് ജോയിൻറ് ഡയറക്ടർ ഡോ. എസ്. അനസ് അധ്യക്ഷത വഹിച്ചു. ഡോ.വി. വിമൽ കുമാർ മുഖ്യപ്രഭാഷണം നടത്തി.

ഐ.എം.പി.എസ്.എസ് ഡയറക്ടർ ഡോ. ബിജു ലാൽ, സർവകലാശാലാ ലൈബ്രേറിയൻ ലത അരവിന്ദ്, അസിസ്റ്റൻറ് ലൈബ്രേറിയൻ ഡോ. ഷൈനി ഗോപിനാഥ് എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ/39/332/2024)

## ഡിപ്ലോമ ഇൻ പാലിയേറ്റീവ് കെയർ കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാല ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ്(ഐയുസിഡിഎസ്) ഡിപ്ലോമ ഇൻ പാലിയേറ്റീവ് കെയർ കോഴ്സിൽ അപേക്ഷ ക്ഷണിച്ചു.

യോഗ്യത പ്ലസ് ടു അല്ലെങ്കിൽ തത്തുല്യം.

താൽപര്യമുള്ളവർ iucdsmgu@mgu.ac.in എന്ന വിലാസത്തിലോ 8547165178, 8891391580 എന്നീ നമ്പറുകളിലോ ബന്ധപ്പെടുക.

(പി.ആർ.ഒ/39/333/2024)

## യോഗ പരീക്ഷകൾക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ യോഗ(2023 അഡ്മിഷൻ) പരീക്ഷകൾ മെയ് 20നും ഒന്നാം സെമസ്റ്റർ എം.എസ്.സി യോഗ ആൻറ് ജെറിയാട്രിക് കൗൺസലിംഗ്(2023 അഡ്മിഷൻ) പരീക്ഷകൾ മെയ് 27നും ആരംഭിക്കും.

മെയ് 10ന് വൈകുന്നേരം നാലു വരെ ഫീസ് അടച്ച് സെൻറർ ഫോർ യോഗ ആൻറ് നാച്ചുറോപ്പതി ഓഫീസിൽ അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/334/2024)

## പരീക്ഷാ ഫലം

നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ ഇലക്ട്രോണിക്സ് പിജിസിഎസ്എസ്(2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് മെയ് 18 വരെ ഓൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/335/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**